# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 149 30.09.2016 ൽ മറുപടിയ്ക്ക്**

## ജൈവകർഷകർക്ക് ധനസഹായത്തിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| **ഡോ.എൻ.ജയരാജ്**<br>**ശ്രീ.റോഷി അഗസ്റ്റിൻ**<br>**ശ്രീ.മോൻസ് ജോസഫ്**<br>**ശ്രീ.സി.എഫ്.തോമസ്** | **ശ്രീ. വി.എസ്.സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |
| എ) ജൈവ കാർഷിക വൃത്തിയിലേർപ്പെട്ടിരിക്കുന്ന കർഷകർക്ക്/സംഘങ്ങൾക്ക് നിലവിൽ നൽകിവരുന്ന പ്രോത്സാഹനങ്ങൾ എന്തെല്ലാമാണ്; | എ) 2016-17 സാമ്പത്തിക വർഷത്തിൽ ജൈവകാർഷികവൃത്തിയിലേർപ്പെട്ടിരിക്കുന്ന കർഷകർക്ക്/സംഘങ്ങൾക്ക് നൽകുന്നതിനായി 1000 ലക്ഷം രൂപയുടെ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. അതിൽ 645.49 ലക്ഷം രൂപക്ക് തുടർഅനുമതി ലഭിച്ചതിൽ നല്ല കൃഷിമുറകൾ പാലിച്ചുകൊണ്ട് സുരക്ഷിതമായ ഭക്ഷ്യവസ്തുക്കൾ ഉല്പാദിപ്പിക്കുന്നതു ലക്ഷ്യമിട്ട് നല്ല കൃഷിമുറ (ജി എ പി) സർട്ടിഫിക്കേഷന് വേണ്ടി കാസർഗോഡ് ഒഴികെയുള്ള 13 ജില്ലകളിൽ ഒരു ബ്ലോക്കിൽ രണ്ട് ക്ലസ്റ്ററുകൾ വീതം 292 ക്ലസ്റ്ററുകൾ രൂപീകരിച്ചു. കർഷകരുടെ കൃഷിയിടത്തിൽ തന്നെ ജൈവവളം ഉല്പാദിപ്പിക്കുന്നതിനായി 1460 റിംഗ് കമ്പോസ്റ്റ് യൂണിറ്റുകളും 1460 മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകളും നിർമ്മിക്കുന്നു. നല്ല കൃഷിമുറകൾ (ജി എ പി) പാലിച്ചുകൊണ്ട് ക്ലസ്റ്ററുകളിൽ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾക്ക് ജി എ പി സർട്ടിഫിക്കേഷൻ സഹിതം പ്രത്യേക പാക്കിംഗ്, ലേബലിംഗ് ഉൾപ്പെടെ റസിഡന്റ്സ് അസോസിയേഷനുകളിൽ വില്പന നടത്തുന്നതിന് 18 മുനിസിപ്പാലിറ്റി/ കോർപ്പറേഷനുകൾക്ക് ധനസഹായം നൽകുന്നു. ജൈവകൃഷിയിൽ മികച്ച പ്രവർത്തനം നടത്തുന്ന നിയോജക മണ്ഡലം, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ഗ്രാമപഞ്ചായത്ത് എന്നിവയ്ക്ക് അവാർഡ് നൽകുന്നു.<br><br>മേൽ ഘടകങ്ങൾ കൂടാതെ 152 ബ്ലോക്കുകളിൽ ക്ലസ്റ്റർ രൂപീകരണത്തിനും പുതിയതായി ഇക്കോഷോപ്പുകൾ സ്ഥാപിക്കുന്നതിനും, അവാർഡ് തുക |

ഉയർത്തുന്നതിനും നല്ല കൃഷി മുറകൾ (ജി.എ.പി) പാലിച്ച് കൃഷി ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുന്നതിനുമായി ടി രീതിയിൽ കൃഷി ചെയ്യുന്ന ഉല്പന്നങ്ങൾ ലേബലും സർട്ടിഫിക്കേഷനോടും കൂടി ഇക്കോഷോപ്പ് മുഖാന്തിരം വില്പന നടത്തുന്നതിന് പ്രോത്സാഹന തുക (ഇൻസെന്റീവ്) നൽകുന്നതിനുമായി 261.31 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്. 2015-16 ലെ 45 ഇക്കോഷോപ്പുകളിൽ 34 എണ്ണം പ്രവർത്തനം തുടങ്ങി 11 എണ്ണം പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ജൈവ രീതിയിൽ ഉല്പാദിപ്പിക്കപ്പെടുന്ന പച്ചക്കറികൾ ഒരു പ്രത്യേക ബ്രാൻഡായി വിപണനം നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു.

ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ, മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്പ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതി പ്രകാരം ധനസഹായം നൽകി വരുന്നു.

| | | | |
|---|---|---|---|
| ബി) | നിലവിൽ നല്കിവരുന്ന ധനസഹായങ്ങളുടെ പരിധി ഉയർത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | ബി) | ജൈവകൃഷി പ്രോത്സാഹനത്തിന്റെ ഭാഗമായി മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന നിയോജക മണ്ഡലത്തിനും മുനിസിപ്പാലിറ്റിക്കും കോർപ്പറേഷനുമുള്ള അവാർഡ് തുക ഉയർത്തുന്നതിനുള്ള നടപടി ആരംഭിച്ചു. |
| സി) | ജൈവകൃഷിയിലേർപ്പെട്ടിരിക്കുന്ന ചെറുകിട കർഷകർക്ക് പ്രസ്തുത മേഖലയിൽ നിലനിൽക്കുന്നതിന് ഉതകുന്ന ധനസഹായങ്ങൾ ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ? | സി) | ജൈവകൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന ചെറുകിട കർഷകർ പ്രസ്തുത മേഖലയിൽ നിലനിൽക്കുന്നതിന് ജൈവ ഉല്പന്നങ്ങളുടെ സംഭരണവും വിപണനവും ശക്തിപ്പെടുത്തുന്നതിന് ഉതകുന്നരീതിയിൽ 2015-16 ലെ 45 ഇക്കോഷോപ്പുകളിൽ 34 എണ്ണം പ്രവർത്തനം തുടങ്ങി .11 എണ്ണം പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ജൈവ രീതിയിൽ ഉല്പാദിപ്പിക്കപ്പെടുന്ന പച്ചക്കറികൾ ഒരു പ്രത്യേക ബ്രാൻഡായി വിപണനം നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു. ജൈവ കൃഷിയിലേർപ്പിട്ടിരിക്കുന്ന കർഷർക്ക്/സംഘങ്ങൾക്ക് സർക്കാർ ആവിഷ്കരിച്ച് നൽകിവരുന്ന സാമ്പത്തിക സഹായങ്ങളും വിവിധ ഇനം പദ്ധതികളും |

പഞ്ചഗവ്യം, ജീവാമൃതം പോലുള്ള ജൈവകൂട്ടുകളും ജൈവകീടനാശിനികളും നിർമ്മിക്കുന്നതിനും പ്രായോഗിക പരിശീലന ക്ലാസ്സുകളും ഈ മേഖലയിൽ കർഷകർ നിലനിൽക്കുന്നതിന് ഉതകുന്ന നടപടികളാണ്.

**സെക്ഷൻ ഓഫീസർ**